LIBRARY ARCHIVES Kerala Legislative Assembly

1961 ജനുവരി 21-നാണ് ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ ഡിസ്റ്റിലറിയുടെ പ്രവർത്തനമാരംഭിച്ചത്. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി സർക്കാർ 1 ഹെക്ടർ, 94 ആർ, 25 ച. മീ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണ്.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾക്കാണ് ഇതുമൂലം തൊഴിൽ നഷ്ടമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കമ്പനിയുടെ പ്രവർത്തനം നിലച്ചതുമൂലം 200-ഓളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായിട്ടുണ്ട്. പ്രവർത്തനം നിലച്ചതുമൂലം പല തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റിക്കൊണ്ട് വി.ആർ.എസ്. എടുത്തിട്ടുണ്ട്.

(സി) സ്വകാര്യ കമ്പനിക്കായി സർക്കാർ വിട്ടുനൽകിയ ഭൂമി കമ്പനി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയും കമ്പനിയും ഏറ്റെടുത്ത് സർക്കാർ ഉടമസ്ഥതയിലോ സഹകരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ താല്പര്യമുള്ള മറ്റ് കമ്പനികൾക്കോ നൽകി പ്രവർത്തനം തുടരാനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കാമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

കൂട്ടനാട് റേഞ്ച് ഓഫീസ് വിഭജനം

386 (3414) ശ്രീ തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട്ടിലെ ഭൂവിസ്തൃതി കണക്കിലെടുത്ത് നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസിനെ രണ്ടായി വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) കൂട്ടനാട്ടിൽ ജലഗതാഗതത്തിലൂടെ മാത്രം യാത്രചെയ്യാൻ കഴിയുന്ന സാഹചര്യം നിലവിലുള്ളപ്പോൾ എക്സൈസ് വകുപ്പിന് കൂടുതൽ സ്പീഡ് ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.